# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-10/567/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-10/567/2023 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-04-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.പത്മകുമാർ.സി.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രാജിഷ.ആർ, സീനീയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രമണി.ഇ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയനൻ കെ | സെക്രട്ടറി | 01-04-2021 | 24-09-2021 |
| ശ്രീ.ജോയ് ജോൺ | സെക്രട്ടറി | 25-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രമണി.എം.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അനൂപ് ആനന്ദ്.കെ | അസിസ്റ്റന്റ് എൻജിനിയർ,എൽ.എസ്.ജി.ഡി | 01-04-2021 | 31-03-2022 |
| ശ്രീമതി.സുവിമോൾ.വി.വി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.കുമാരി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2022 |
| ശ്രീമതി.സൗമ്യ.എം.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീമതി.ഉമൈബ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു ജോസഫ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.രാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി ,തരൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിതി ജോൺസൺ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീവിദ്യ.എ.വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജൂലി ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 22-09-2021 |
| ശ്രീമതി.റാണി .ആർ.ഉണ്ണിത്താൻ | കൃഷി ഓഫീസർ | 23-09-2021 | 31-03-2022 |
| ശ്രീമതി.സുധ.എം | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.ചപ്ര | 01-04-2021 | 31-03-2022 |
| ശ്രീ.മനു ചന്ദ്രൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 1-11 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-1 |
| 14 | സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-11-3 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-12 |
| 17 | സഞ്ചയ പ്രകാരമുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ലൈസൻസ് എടുത്തിട്ടില്ല | 1-12-1 |
| 18 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം | 1-12-2 |
| 19 | മതിയായ രേഖകളുടെ അഭാവത്തിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിരിക്കുന്നു | 1-12-3 |
| 20 | ക്വാറി,ക്രഷർ യൂണിറ്റ് ,മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-12-4 |
| 21 | വാണിജ്യ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി കണക്കാക്കി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. | 1-12-5 |
| 22 | വസ്തു നികുതി -ഈടാക്കുന്നതിലെ അപാകതകൾ | 1-13 |
| 23 | വിമുക്ത ഭടന്മാരുടെ 2000ചതുരശ്ര അടിക്ക് മുകളിലുള്ള വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി. | 1-13-1 |
| 24 | വസ്തു നികുതി ഇളവിന് അപേക്ഷിക്കാത്തവർക്കും നികുതി ഇളവു നൽകി | 1-13-2 |

| | | |
|---|---|---|
| 25 | സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു | 1-13-3 |
| 26 | UA നം നൽകിയ കെട്ടിടത്തിന് വസ്തു നികുതി ഒഴിവ് നൽകി | 1-13-4 |
| 27 | കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-14 |
| 28 | ഹോമിയോ ആശുപത്രി- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-15 |
| 29 | വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്കോയിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 30 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 31 | അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. | 1-18 |
| 32 | CDS അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന ജില്ലാപഞ്ചായത്ത് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-19 |
| 33 | പ്രോജക്റ്റ് അംഗീകാരം വാങ്ങാതെ വാട്ടർ അതോറിറ്റിക്ക് മുൻകൂറായി തുക കൈമാറി | 1-20 |
| 34 | തെരുവ് വിളക്ക് പരിപാലനം- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 1-21 |
| 35 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ- മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ് | 1-22 |
| 36 | വെള്ളക്കരം- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കണം | 1-23 |
| 37 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സ്രോതസ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല. | 1-24 |
| 38 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ് | 1-25 |
| 39 | മരാമത്ത് പ്രവൃത്തികൾ-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-26 |
| 40 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-27 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

19-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ: 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹21,11,701 |
| തൻവർഷം വരവ് | ₹45,49,72,701 |
| ആകെ വരവ് | ₹45,70,84,402 |
| ചെലവ് | ₹45,00,07,000 |
| നീക്കിയിരിപ്പ് | ₹70,77,402 |

15-02-2022 ലെ തീരുമാനം നമ്പർ: 3/1 പ്രകാരം 2021-22 ലെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 13.07.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അതുമായി ബന്ധപ്പെട്ട വരവു ചെലവു രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

2. സാക്ഷരത ഗ്രാന്റ് അക്കൗണ്ട് 2021-22ൽ ഇൻഡ്യൻ ബാങ്കിൽ തുടങ്ങുകയും ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ അക്കൗണ്ട് പ്രകാരമുള്ള വരവ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

3. മുൻ വർഷത്തെ ബാലൻസ് ഉൾപ്പെടെ സംയുക്ത പ്രൊജക്ടുകൾക്കുള്ള ജില്ലാ വിഹിതം, ബ്ലോക്ക് വിഹിതം എന്നിവക്ക് വേണ്ടി സൂക്ഷിക്കുന്ന എ.സി.ആർ, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4. കറവപ്പശുവളർത്തൽ പദ്ധതി പ്രകാരം (159/222) വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ട് 'സുലേഖ' സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വെറ്ററിനറി സർജ്ജന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം

ചെലവു ചെയ്തിട്ടുണ്ട്. എ.സി.ആറിലും ചെലവു വിവരം ഉണ്ട്. വ്യത്യാസം വരാനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

5 എ.ഇ.നിർവഹണം നടത്തിയ വടക്കേക്കര റോഡ് കോൺക്രീറ്റ്- പ്രൊജക്ട് നം.57 (മെയ്റ്റനൻസ് ഗ്രാന്റ് റോഡ് തുക 414797/-) സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല. എന്നാൽ എ.സി.ആർ പ്രകാരം ക്രമ നം.5 ആയി ചെലവു വന്നിട്ടുണ്ട്. വിശദീകരണം ലഭ്യമായില്ല.

6 വി.ഇ.ഒ നിർവഹണം നടത്തിയ സ്ഥലം വാങ്ങൽ പ്രൊജക്ടിൽ (ലൈഫ് മിഷൻ മൂന്നാംഘട്ടം) ജില്ലാ പഞ്ചായത്ത് വിഹിതം 400000/-ചെലവായതായി കാണുന്നു. വാർഷിക ധനകാര്യ പത്രികയിൽ 300000/- ആണ് ചെലവു കാണിച്ചിരിക്കുന്നത്. സുലേഖയിലും സാംഖ്യയിലും വ്യത്യസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കിയില്ല.

7. അതാത് മാസം ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസീലിയേഷൻ പൂർത്തിയാക്കുന്നില്ല. നിലവിൽ നവംബർ 2022 വരെയുള്ള ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/14.03.23) മറുപടി ലഭ്യമാക്കിയതിൽ സാങ്കേതിക പ്രശ്നം ഉണ്ടായത് മൂലമാണ് ഇത്തരം അപാകത ഉണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ കുറ്റമറ്റരീതിയിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ/സാങ്കേതിത പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹13652379.91 |
| വരവ് | ₹64634027 |
| ആകെ | ₹78286406.91 |
| ചെലവ് | ₹69733010 |
| നീക്കിയിരിപ്പ് | ₹8553396.91 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 15244611 | 15244611 | 14354138 | 890473 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 7301529 | 7301529 | 6087941 | 1213588 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 164000 | 164000 | 164000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17596000 | 17596000 | 4866494 | 12729506 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7322365 | 7322365 | 4371219 | 2951146 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 2491460 | 2491460 | 384960 | 2106500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 4751000 | 4751000 | 1489526 | 3261474 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 412129 | 412129 | 68920 | 343209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 3217433 (316800+ 49433-പലിശ) | 3217433 | 2916524 | 300909 |
| ICDS കേന്ദ്രവിഹിതം | 2136907 | 973506 | 3110413 | 1596864 | 1513549 |
| TSC | 585681 | 160000 | 745681 | 320000 | 425681 |
| MGNREGS | 2520 | 52237241 | 52239761 | 52235099 | 4662 |
| സാക്ഷരത ഗ്രാന്റ് | 9135 | 51819 | 60954 | 51819 | 9135 |

(*) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയ്ക്കുള്ള ചെലവ് തുകയായ 2657862രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 138471രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 94735305 | 108 | 45412861 | 0 | 41 | 72.48 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ *72.48%* എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ *47.94%* തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 18858280 | 9394280 | 49.82 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1660000 | 1046175 | 63.02 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 544850 | 542271 | 99.53 |
| മെഡിക്കൽ ഓഫീ സർ-ഹോമിയോ | 2 | 2 | 200000 | 200000 | 100.00 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 1400000 | 1400000 | 100.00 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെടർ | 1 | 1 | 984000 | 36660 | 3.73 |
| വി.ഇ.ഒ | 16 | 14 | 27008723 | 7504796 | 27.79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 5843270 | 4867803 | 83.31 |
| സെക്രട്ടറി | 28 | 22 | 13185413 | 8628776 | 65.44 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 67 | 38 | 21012822 | 8819765 | 41.97 |
| എച്ച്.എം | 4 | 3 | 1240588 | 1188938 | 95.84 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 460000 | 460000 | 100.00 |
| അസി.സെക്രട്ടറി | 10 | 8 | 2337359 | 1323397 | 56.62 |
| ആകെ | 149 | 108 | 94735305 | 45412861 | 47.94 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2520 | 849267 | 851787 | 847125 | 4662 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 51387974 | 51387974 | 51387974 | 0 |
| ആകെ | 2520 | 52237241 | 52239761 | 52235099 | 4662 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 10052800 | 688 |
| 2 | വിധവാ പെൻഷൻ | 18456600 | 1227 |
| 3 | വാർദ്ധക്യകാല പെൻഷൻ | 30763700 | 2250 |
| 4 | വികലാംഗ പെൻഷൻ | 5757600 | 367 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 953400 | 62 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-03-2023 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 2400/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ബജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. ബില്ലുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ മുഴവൻ വൗച്ചറിനോടൊപ്പം സൂക്ഷിച്ചുകാണുന്നില്ല. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. അതാത് മാസം ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പൂർത്തിയാക്കുന്നില്ല. കൃത്യമായി എല്ലാ മാസവും റിക്കൺസീലിയേഷൻ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ മാത്രമാണ് സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

നികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിന് “ സകർമ്മ” യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിനാണ് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2013-14 മുതൽ 2017-18 വരെയുള്ള എ.ജി.യുടെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് 14.03.2019ന് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങളൊന്നുമില്ല.
പെർഫോർമൻസ് ഓഡിറ്റിന്റെ 12/2022 വരെയുള്ള ഓഡിറ്റ് 10.01.2023 തീയതിയിൽ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് 12.01.2023ന് ലഭ്യമായിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി പിരിവ് - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു

പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തരൂർ പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-11-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പഴമ്പാലക്കോട് | രണ്ടാം അർദ്ധവർഷം<br>5 ജീവനക്കാർ |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വാവുള്ള്യാപുരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | പമ്പ് ഓപ്പറേറ്റർമാർ,<br>(ചന്ദ്രൻ, പരമേശ്വരൻ, മോഹൻബാബു), പഞ്ചായത്ത് കുടിവെള്ള പദ്ധതി | രണ്ടാം അർദ്ധവർഷം |
| 4 | പോസ്റ്റ് ഓഫീസ്, പഴമ്പാലക്കോട് | പോസ്റ്റൽ അസിസ്റ്റന്റ്- (2nd Half)<br>സബ് പോസ്റ്റ് മാസ്റ്റർ 1 St Half) |
| 5 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, നൊച്ചൂർ | പോസ്റ്റ്മാൻ -ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | CHC പഴമ്പാലക്കോട്, ഫാർമസിസ്റ്റ് -ഷംസിയമോൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് -വിദ്യ. എസ് | രണ്ടാം അർദ്ധവർഷം |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | ഗ്രാമ പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ -<br>1)മുഹമദ് കുഞ്ഞ്, വാവുള്ള്യാപുരം<br>രമേഷ് കുമാർ, നരിക്കോട്ടുകളം<br>2)സുജീഷ്.പി.എസ്,നെച്ചൂർസുകൃതൻ പഴമ്പാലക്കോട്<br>3)കെ.സി.തങ്കപ്പൻ, നെച്ചൂർ<br>4) അബ്ദുൾ റഹ്മാൻ തരൂർ<br>5)എ.വി.സച്ചിദാനന്ദൻ, ആലത്തൂർ<br>6)എ.ആർ പ്രദീപ്, ഇരട്ടക്കുളം<br>7)ചെന്താമരകണ്ണൻ, കൊളക്കമ്പാടം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/13.03.23) )മറുപടി ലഭ്യമാക്കിയതിൽ ക്രമ നം 1,2,3 എന്നിവരുടെ തൊഴിൽ നികുതി തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ടെന്ന് രസീതി നമ്പർ /തിയതി സഹിതം അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 6 ൽ പറഞ്ഞ ജീവനക്കാരി ഓഡിറ്റ് വേളയിൽ നികുതി അടവാക്കിയിട്ടുണ്ട്. മേൽപറഞ്ഞവരെ കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, കള്ള്ഷാപ്പുകൾ

ഈ സ്ഥാപനങ്ങളിലെയും മേൽ സൂചിപ്പിച്ച പട്ടികയിലെ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11-2 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനങ്ങൾ | ഈടാക്കേണ്ട അർദ്ധ വർഷങ്ങൾ |
|---|---|---|
| 1 | കനറാ ബാങ്ക് ,പഴമ്പാലക്കോട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | പഴമ്പാലക്കോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | ചാലമ്പുള്ളി ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 4 | ചിറക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | മരുതക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | പഴമ്പാലക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 7 | ആതിര ഓഡിറ്റോറിയം ,പഴമ്പാലക്കോട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 8 | പി.എ.ആർ ,ഓഡിറ്റോറിയം ,പഴമ്പാലക്കോട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9 | കെ.പി.കേശവ മേനോൻ ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11 | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ് പഴമ്പാലക്കോട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13-03-23)മറുപടി ലഭ്യമാക്കിയതിൽ ക്രമ നം 1,4,5,6 എന്നീ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കിയവിവരം രസീതി നം/തിയ്യതി സഹിതം മറുപടി നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച മറ്റു സ്ഥാപനങ്ങളിൽ നിന്നു കൂടി സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് വന്നിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസ് ടെക്നിക്കൽ അസിസ്റ്റന്റ് (1st Half) | 185970 | 1250/- | 750/- |
| 2 | പ്രൊജക്ട് അസിസ്റ്റന്റ് | 112320 | 1000/- | 600/- |
| 3 | സി.എച്ച്.സി, പഴമ്പാലക്കോട് RBSK നഴ്സ്(1st Half) | 103506 | 1000/- | 750/- |
| 4 | സി.എച്ച്.സി.പഴമ്പാലക്കോട് RBSK നഴ്സ്(2nd Half) | 103506 | 1000/- | 750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13.03.2023) മറുപടി ലഭ്യമാക്കിയതിൽ ക്രമ നം.2 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഗ്രാമപഞ്ചായത്തിൽ നികുതി അടവാക്കിയിട്ടുണ്ട് എന്നറിയിച്ചു. മറ്റുള്ള ജീവനക്കാരിൽ നിന്നും കുറവ് വന്ന നികുതി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 232(1), 233 അനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്നതാണ്. 2021-2022 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ,ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-12-1 സഞ്ചയ പ്രകാരമുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ലൈസൻസ് എടുത്തിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം 254 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള 1273 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ആയതിനാൽ ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ 327 സ്ഥാപനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 12/13.03.23) സഞ്ചയയിൽ 2022-23 വർഷത്തെ വാണിജ്യ സ്ഥാപനങ്ങൾ കൂടി ഉൾപ്പെട്ട കണക്കാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. ലിസ്റ്റ് പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

### 1-12-2 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും ) ചട്ടങ്ങളിലെ ചട്ടം 38, സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം.66771/ഡിബി 2/09/തസ്വഭവ തീയതി .08-01-2010, സർക്കുലർ നം.25533/ഡി ബി 2/12/തസ്വഭവ തീ.06/04/2012 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ കോഴി മുതലായ പക്ഷികളുടെയോ മാംസം വിൽക്കുന്നതിനുള്ള കട

സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച സ്ഥലത്ത് ആയിരിക്കേണ്ടതും , ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായുസഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസിയുടെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്ക വിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 6 ചിക്കൻ ഫാമുകൾ മാത്രമാണ് ലൈസൻസിന്റെ പരിധിയിൽ വന്നിരിക്കുന്നത്. മറ്റു ഇറച്ചിക്കടകൾ, കശാപ്പുശാലകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇറച്ചിക്കടകൾ, കശാപ്പുശാലകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/13.03.23) തരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ കശാപ്പുശാലകൾ ഇല്ലെന്നും വാണിജ്യാവശ്യ കെട്ടിടങ്ങളിൽ ഇറച്ചിക്കടകൾ മാത്രമാണ് ഉള്ളതെന്നും കൂടുതൽ എണ്ണമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

## 1-12-3 മതിയായ രേഖകളുടെ അഭാവത്തിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിരിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) വകുപ്പ് 233(4)എ-സി പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനായി മറ്റു വകുപ്പുകളുടെ ഏതെങ്കിലും റിപ്പോർട്ടുകളോ നിരാക്ഷേപ സാക്ഷ്യപത്രങ്ങളോ പരിഗണിക്കേണ്ടതുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിഗണിക്കേണ്ടതാണ്. ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മതിയായ രേഖകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരവധി സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 43 | ബിസ്മി ചിക്കൻ സ്റ്റാൾ | സാനിറ്ററി സർട്ടിഫിക്കറ്റ് |
| 54 | അഫ്സൽ ക്ലിനിക്കൽ ലാബോറട്ടറി | ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം |
| 87 | ഹനീഫ, ന്യൂ അനസ് ഹോട്ടൽ | സാനിറ്ററി സർട്ടിഫിക്കറ്റ് |
| 113 | എസ്.കെ.ചിക്കൻ സെന്റർ | സാനിറ്ററി സർട്ടിഫിക്കറ്റ് |
| 168 | ജന്നി കാടഫാം | സാനിറ്ററി സർട്ടിഫിക്കറ്റ് |
| 250 | വില്വാദ്രി ആയുർവേദാശുപത്രി | ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12-4 ക്വാറി,ക്രഷർ യൂണിറ്റ് ,മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന സ്ഥാപനം കരിങ്കല്ല് സ്റ്റോക്ക് ചെയ്ത് വിൽക്കുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ട്.

| വ്യാപാര ലൈസൻസ് നം | സ്ഥാപനത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 113 | വിൻസന്റ് ഗായത്രി റോക്ക് പ്രൊഡക്ട്സ്,തോട്ടുമ്പള്ള പഴമ്പാലക്കോട് |

സ്ഥാപനം വ്യാപാര ലൈസൻസിനായി നൽകിയ അപേക്ഷയോടൊപ്പം നൽകിയ രേഖയിൽ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ , ഫയർ & റസ്ക്യൂ സർവീസിന്റെ നിരാക്ഷേപ സാക്ഷ്യപത്രപ്രകാരം ക്വാറി ആന്റ് ക്രഷർ യൂണിറ്റ് നടത്തുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ക്രഷർ യൂണിറ്റിനാണ് എടുത്തിരിക്കുന്നത്. 2021-22വർഷം വ്യവസായ ആവശ്യത്തിനായി മേൽ സൂചിപ്പിച്ച വ്യക്തിക്ക് പുതിയ കെട്ടിടത്തിനു നമ്പർ നൽകിയതായി കാണുന്നു. ( വിസ്തീർണ്ണം 859.57M2 , 40M2) ആയതിൽ പുതിയ മെഷീണറികൾ സ്ഥാപിച്ചതിന്റെയും ക്രഷർ യൂണിറ്റിനാവശ്യമായ കരിങ്കല്ലുകൾ ആ പ്രദേശത്തുനിന്നുതന്നെ ഖനനം ചെയ്യുന്നുണ്ടോ എന്ന വിവരങ്ങൾ പ്രാദേശികമായി അന്വേഷണം നടത്തിയതായി കാണുന്നില്ല. . ഖനനം നടക്കുന്നുണ്ടെങ്കിൽ മൈനിംങ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി , പാരിസ്ഥിതിക അനുമതി , സ്ഫോടക വസ്തു ഉപയോഗിക്കുന്നതിനുള്ള അനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതും അതിനനുസൃതമായ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 12/13.03.23) മറുപടി ലഭ്യമാക്കിയതിൽ LSGDട്രിബ്യൂണൽ മുമ്പാകെ നൽകിയ കേസിന്റെ (Op No 21/2019) അന്തിമ വിധിയനുസരിച്ചാണ് ഖനന പ്രവർത്തനത്തിന് ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്നതാണ്. ഗ്രാമ പഞ്ചായത്തിൽ ക്രഷർയൂണിറ്റിനു മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്. ഖനനം നടത്തുന്നുണ്ടെങ്കിൽ ക്വാറി ഉൾപ്പെടുത്തി വ്യാപാര ലൈസൻസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12-5 വാണിജ്യ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി കണക്കാക്കി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18,19,20 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-IIIൽ നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിര ശക്തി കണക്കാക്കി വാങ്ങുകയും ചില സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാതിരിക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രത്തിന്റെ കുതിര ശക്തി കണക്കാക്കി വാങ്ങാതിരുന്ന സ്ഥാപനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി |
|---|---|---|
| 227 | കെ.എസ്.വീരാൻകുട്ടി, കെ.എസ്.എം, റൈസ് മിൽ, കറുക പറമ്പ് | 10HP |
| 228 | ഐഷാ ബീവി വാവുള്ള്യാപുരം, ഹാരീഷ് റൈസ് മിൽ | 10HP |
| 229 | ടി.സുധാകരൻ നെച്ചൂർ, റൈസ് മിൽ | 10HP |
| 230 | ഷംസുദീൻ മോഡേൺ റൈസ് മിൽ, ഓയിൽ മിൽ | 10HP |
| 231 | കൃഷ്ണൻ, തോടുകാട് ശാസ്താ റൈസ് മിൽ | 10HP |
| 232 | എം.പ്രവീൺ, ശാസ്താ | 10HP |

| | | |
|---|---|---|
| | റൈസ് മിൽ,കരിങ്കുളങ്ങര | |
| 233 | ബാബുരാജ് വാവുള്ള്യാപുരം റൈസ് മിൽ | 10HP |
| 234 | വസന്ത കുമാരി, തരൂർ കെ.വി റൈസ് മിൽ | 10HP |
| 235 | പ്രസന്ന സജി വാവുള്ള്യാപുരം, റൈസ് ആന്റഅ ഓയിൽ മിൽ | 10HP |
| 236 | വേണുഗോപാൽ, സന്തോഷ് റൈസ് മിൽ, അത്തിപ്പൊററ | 10HP |
| 237 | ഫർബാൽ ബർക്കത്ത് റൈസ് മിൽ, വാവുള്ളള്ള്യാപുരം | 10HP |
| 238 | നദീറാ റൈസ്മിൽ,വാവുള്ള്യാപുരം | 10HP |
| 239 | ശ്രീ. രാഗം റൈസ് മിൽ, നെച്ചൂർ | 10HP |
| 240 | രുക്മണി, ഭുവനേശ്വരി റൈസ്മിൽ, തരൂർ | 10HP |
| 242 | ശോഭന റൈസ് മിൽ, നെച്ചൂർ | 10HP |
| 243 | സുമയ്യ റൈസ് മിൽ, തോണിപ്പാടം | 10HP |
| 244 | പി.എം.കെ റൈസ് മിൽ | 10HP |

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പട്ടിക 3 പ്രകാരമുള്ള ലൈസൻസ് തുക വാങ്ങുന്നുണ്ടെങ്കിലും 2021-22കാലയളവിൽ മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ വാങ്ങാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/13.3.23) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ വർഷത്തിൽ കുറച്ച് സമയംമാത്രം തുറന്ന പ്രവർത്തിക്കുന്നവയാണ് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി ഏകീകൃതമായ രീതിയിൽ ലൈസൻസ് ഫീ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി -ഈടാക്കുന്നതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ എന്നിവ സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ വഴിയുള്ള ഓഡിറ്റ് പരിശോധനയിൽ താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

### 1-13-1 വിമുക്ത ഭടന്മാരുടെ 2000ചതുരശ്ര അടിക്ക് മുകളിലുള്ള വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി.

സ.ഉ(കൈ)നം.106/2017/ത.സ്വ.ഭ.വ, തിയ്യതി 26.05.2017 & സ.ഉ (എം.എസ്) നം242/2013 /ത.സ്വ.ഭവ,02.07.2013 അനുസരിച്ച് എല്ലാ വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും /വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000ചതുരശ്ര അടി വരെ വിസ്തീർണ്ണ മുള്ള വീടുകളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാണ്. ഓഡിറ്റ് കാലയളവിൽ ഇത്തരം കേസുകളിൽ നികുതി ഈടാക്കാത്തതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| കെട്ടിട നം | പേര് വിവരം | വിസ്തീർണ്ണം |
|---|---|---|

| | | |
|---|---|---|
| 176/1 | വിൻസെന്റ് | 219.8m2 (2365square Feet) |
| 616/16 | അനിൽ | 196m2 (2109squre Feet) |

ഫോം 6ൽ നികുതി ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/13.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 2000ചതുരശ്ര അടിക്കു മുകളിലുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-13-2 വസ്തു നികുതി ഇളവിന് അപേക്ഷിക്കാത്തവർക്കും നികുതി ഇളവു നൽകി

സ.ഉ(സാധാ)നം. 1014/21/ത.സ്വ.ഭ.വ അനുസരിച്ച് 2021-22 വർഷത്തെ വസ്തു നികുതിയിളവിനായി സാക്ഷ്യപത്രം നൽകേണ്ടത് 30.06.2021 വരെ ദീർഘിപ്പിച്ചിരുന്നു. വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും വാസഗൃഹത്തിന് വസ്തുനികതി ഒഴിവാക്കുന്നതിന് സാക്ഷ്യപത്രം ഗ്രാമ പഞ്ചായത്തിനു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇവരുടെ വാസഗൃഹങ്ങൾക്ക് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളൂ. 2021-22 വർഷം വിമുക്തഭടന്മാരെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനായി ഏകദേശം 80 പേരാണ് അപേക്ഷ നൽകിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം ഏകദേശം 92 പേരെ ഒഴിവാക്കിയിട്ടുണ്ട്. പല അപേക്ഷകളിലും അർഹത തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ ഇല്ലാത്തതായി കാണുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 13/13.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിളവിന് അപേക്ഷിക്കുന്നവർക്ക് മാത്രം ഇളവ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13-3 സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു

GO(MS) No.358/2015 , തിയ്യതി 16.12.2015 പ്രകാരം 60M2 താഴെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്.എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം സത്യവാങ്മൂലം നൽകാത്ത 68 വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം 13/13.03.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗ നിർദേശം പാലിക്കേണ്ടതും പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ഉപയോഗപെടുത്തേണ്ടതുമാണ്.

1-13-4 UA നം നൽകിയ കെട്ടിടത്തിന് വസ്തു നികുതി ഒഴിവ് നൽകി

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിസ്ക്രിപ്പൻസി റിപ്പോർട്ടിൽ 15/1/UA കെട്ടിടനമ്പർ ആയി നസീറാ.കെ.ഇ, നാലകത്ത് മുത്തുള്ളിയിൽ, തരുർ പഴമ്പാലക്കോട് എന്ന വ്യക്തിക്ക് GO(MS)144/2015 , തിയ്യതി 27.04.2015 പ്രകാരം 660 Sqft നു താഴെയുള്ള കെട്ടിടങ്ങൾക്ക് ഇളവ്അനുവദിച്ച കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സഞ്ചയ പ്രകാരം ഈ വ്യക്തിയുടെ കെട്ടിടത്തിന്റെ Plinth Area 5049 എന്നാണ് കാണിച്ചിരിക്കുന്നത് (സ്ക്വയർ മീറ്റർ,സ്ക്വയർ ഫീറ്റ് ആണോ എന്ന് വ്യക്തമല്ല) . 2018-19 മുതൽ 2022-23 വരെ 19086 രൂപ ഡിമാന്റ് ചെയ്തതായി കാണുന്നു. 2021-22 മുതൽ ഈ കെട്ടിടത്തിന് Exempted എന്നാണ് കിടക്കുന്നത്. Form(6) പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയം ചെയ്തിട്ടില്ലാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വലിയ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ ഉപയോഗം, നികുതി ഒഴിവാക്കി കൊടുക്കാനുള്ള കാരണം എന്നിവ സംബന്ധിച്ച വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/13.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കെട്ടിടം നിലവിലുണ്ടോ എന്നതു സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തേണ്ടതും അനധികൃത കെട്ടിടമാണെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

2021-22 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി പ്രകാരം ചെലവഴിച്ച തുകയിൽമരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് തുക നൽകിയിട്ടുണ്ട്. മരുന്നുകളുടെ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 37097/- (34939+2158) രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. 170/22, കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

അടങ്കൽ - 250000/-

ചെലവ് - 247421/-

ഫണ്ട് - സി.എഫ്.സി

| കെ.എം.എസ്.സി.എൽന് നൽകിയ തുക | ബിൽ നം./തീയതി | കെ.എം.എസ്.സി.എൽ നിന്ന് ലഭിച്ച മരുന്നുകളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| 178260രൂപ | 236/21-22 /10.03.22 | 72729 രൂപ (ഇൻവോയ്സ് നം3400/02.06.22)<br>54363 രൂപ (ഇൻവോയ്സ് നം 5931/11.07.22)<br>1033 രൂപ (ഇൻവോയ്സ് നം 5932/11.07.22)<br>6762 രൂപ (ഇൻവോയ്സ് നം 14398/20.10.22)<br>3233/- (ഇൻവോയ്സ് നം 20482/19.12.22)<br>5201/- (ഇൻവോയ്സ് നം 23299/16.01.23) | 34939രൂപ |
| 21380/- | 290/22.03.22 | 6135 രൂപ (ഇൻവോയ്സ് നം 3403/02.06.22)<br>13087 രൂപ (ഇൻവോയ്സ് നം 5933/11.07.22) | 2158 രൂപ |
| 199640 രൂപ | | 162543 രൂപ | 37097രൂപ |

ബാലൻസ് തുകക്കുള്ള മരുന്നുകൾ കെ.എം.എസ്.സി.എലിൽ നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.03.23 ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിവഴി പർചേയ്സ് ചെയ്യുമ്പോൾ വെയർഹൗസിൽ സ്റ്റോക്ക് വരുന്നതനുസരിച്ച് ഘട്ടം ഘട്ടമായാണ് മരുന്നുകൾ ലഭ്യമാകുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് തത്സമയം ലഭ്യമാകേണ്ട മരുന്നുകൾ ഒരു വർഷമായിട്ടും ലഭ്യമാകാത്തത് നിർവഹണത്തിലെ അപാകതകളാണ്. കെ.എം.എസ്.സി.എൽ നിന്ന് മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

1-15 ഹോമിയോ ആശുപത്രി- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

2021-22 വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയിൽമരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതി കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ന് തുക നൽകിയിട്ടുണ്ട്. മരുന്നുകളുടെ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ98859/-(48859/-+ 50000/-)രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. 136/22, ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 150000/-

ചെലവ് - 150000/-

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

| ഹോംകോക്ക് നൽകിയ തുക | ബിൽ നം./തീയതി | ഹോംകോ യിൽ നിന്ന് ലഭിച്ച മരുന്നുകളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| 150000രൂപ | 193/21-22 /19.01.22 | 101141 രൂപ (ഇൻവോയ്സ് നം LF1600/14.01.23) | 48859 രൂപ |
| 150000രൂപ | | 101141 രൂപ | 48859രൂപ |

പ്രൊജക്ട് നം. 138/22, ഹോമിയോ കോവിഡ് പ്രതിരോധ മരുന്ന്

അടങ്കൽ - 50000/-

ചെലവ് - 50000 /-

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

| ഹോംകോക്ക് നൽകിയ തുക | ബിൽ നം./തീയതി | ഹോംകോ യിൽ നിന്ന് ലഭിച്ച മരുന്നുകളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| 50000രൂപ | 104/21-22 /07.09.21 | ലഭിച്ചിട്ടില്ല. | 50000രൂപ |
| 50000രൂപ | | 0 | 50000രൂപ |

കോവിഡ് മഹാമാരി സമയത്ത് ലഭ്യമാകേണ്ട മരുന്ന് തത്സമയം ലഭ്യമാകാതിരുന്നതിനും ബാലൻസ് തുകക്കുള്ള മരുന്നുകൾ കേരള സ്റ്റേറ്റ് ഹോമിയോപതി കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച വിവരവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.03.23 ) മറുപടി ലഭ്യമാക്കിയതിൽ എത്രയും പെട്ടെന്ന് മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഹോംകോയിലേക്ക് കത്തയച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് ഹോംകോയിൽ നിന്ന്

മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാനും ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്

1-16 വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്കോയിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 60 വയസ്സിൻമേൽ പ്രായമുള്ള വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 31/22 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 478500 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 476300 (വികസനഫണ്ട്-പൊതുവിഭാഗം |
| ബിൽ നമ്പർ/തീയതി | 10/21-22 05/03/22 |

കട്ടിലുകൾ ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ /തീയ്യതി | നിരക്ക് | എണ്ണം | തുക |
|---|---|---|---|
| 219/19.01.22 | 3670 | 110 | 403700 |
| CGST | | | 36333 |
| SGST | | | 36333 |
| TOTAL (Round Off) | | | 476300 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികമാകാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പദ്ധതി വൃദ്ധർക്ക് കട്ടിൽ വിതരണം എന്നതിന് ആവശ്യമായ കട്ടിലുകൾ ആർട്കോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് ഭരണസമിതി 12.11.21ലെ തീരുമാനം നം. 3(9) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.
പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)സ.ഉ(ആർടി)നം.59/2017/SPD തിയതി 20-10-2017 ലാണ് ആർട്കോയ്ക്ക് റേറ്റ് കോൺട്രാക്ട് ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ SPD യുടെ Price List ൽ ഉൾപ്പെടാത്തതായ വസ്തുക്കൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. പദ്ധതി പ്രകാരം വാങ്ങേണ്ട 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത 198*90*60 സെ.മീ അളവിലുള്ള കട്ടിലിന് ARTCO യ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലില്ല. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

2) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികമാകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട്.

3) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/07.3.23) ഭാവിയിലുള്ള എല്ലാ വാങ്ങലുകളും GeM മുഖേനയോ, ടെണ്ടർ മുഖേനയോ നടപ്പിലാക്കുകയുള്ളുവെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-17 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ പൂർത്തിയാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ GMLPS തോണിപ്പാടം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 17/22 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ |
| അടങ്കൽ | ₹ 330000 (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | ₹ 328350 (ബിൽ നം.03/28.02.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ GMLPS തോണിപ്പാടം |

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തുന്ന പദ്ധതിയായ എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിന് ആർട്കോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് ഭരണസമിതി 04.01.22ലെ തീരുമാനം നം. 2(2) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.തരൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിലേയ്ക്കായി വാങ്ങിയ 66 കസേരകൾ മേശകൾ എന്നിവയിൽ 47 എണ്ണം മാത്രം വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതായി കാണുന്നു

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| 217/19.01.22 | | | |
| മേശ | 3100 | 66 | 204600 |
| കസേര | 1116 | 66 | 73656 |
| ആകെ | | | 278256 |
| CGST | | | 25043.04 |
| SGST | | | 25043.04 |
| TOTAL (Round Off) | | | 328350 |

മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്യാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്. ആയത് സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (നം.9/13.3.22) മറുപടി

ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത 19 കസേരകൾ, മേശകൾ എന്നിവയുടെ തുകയായ 80104/- (3100 X 19 + 1116 X 19 ) വിതരണം പൂർത്തിയാക്കുന്നതുവരെ തടസ്സത്തിൽ വയ്ക്കുന്നു.

1-18 അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല.

2021-22 ൽ സമഗ്ര അങ്കണവാടി പോഷകാഹാരം എന്ന പേരിൽ ഒരു പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 30/22 | അങ്കണവാടി പോഷകാഹാരം ജനറൽ | 3354000 (1754000 – വികസന ഫണ്ട്, പൊതുവിഭാഗം 1500000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ബ്ലോക്ക് പഞ്ചായത്ത് – 100000 | 3309832 (1747509- വികസന ഫണ്ട് , പൊതുവിഭാഗം 1462323- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ബ്ലോക്ക് പഞ്ചായത്ത് – 100000 |

പ്രോജക്ടുകളുടെ ഭാഗമായി ഉദയനന്ദനം ഫുഡ്സ് , പറക്കുളം, കണ്ണാടി എന്ന സ്ഥാപനത്തിന് അമൃതം ന്യൂട്രിമിക്സ്, ആരോഗ്യ മിക്സ് എന്നിവ വാങ്ങിയ വകയിൽ വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്

| പ്രോജക്റ്റ് നം | ബിൽ നം. /തീയതി, തുക | ആകെ തുക | ബിൽ തുകയിൽ നിന്നും സ്ഥാപനത്തിനു നല്കിയ തുക |
|---|---|---|---|
| 30/22 | 1/21-22/29.7.21 | 1043508 | 807409 |
| | 2/21-22/18.09.21 | 210920 | |
| | 3/21-22/20.10.21 | 410504 | 342591 |
| | 12/21-22-16.3.22 | 14675 | |
| | 14/21-22/16.3.22 | 38750 | 31750 |
| | 11/21-22-16.3.22 | 18995 | |
| | 15/21-22/23.3.22 | 10157 | |
| | ചെക്ക് നം 2054600-3.1.22(കേന്ദ്ര വിഹിതം) | 221119 | 128249 |
| | ചെക്ക് നം | 86758 | |

| | | | |
|---|---|---|---|
| | 02054582-17.12.21(കേന്ദ്ര വിഹിതം) | | |
| | ചെക്ക് നം 2056722-9.3.22(കേന്ദ്ര വിഹിതം) | 390178 | 221020 |
| | ചെക്ക് നം 02056721-9.3.22(കേന്ദ്ര വിഹിതം) | 420092 | |
| | ചെക്ക് നം 02056753-25.3.22(കേന്ദ്ര വിഹിതം) | 344176 | 224068 |
| | ചെക്ക് നം 02052016)16.9.21(ബ്ലോക്ക് വിഹിതം) | 100000 | |

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.03/08.03.23) തുടർവർഷങ്ങളിലെ പദ്ധതികളിലുൾപ്പെട്ട വാങ്ങലുകളിൽ ടി ഡി എസ് സംബന്ധിച്ച നിർദേശം കൃത്യമായി പാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-19 CDS അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന ജില്ലാപഞ്ചായത്ത് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

കുടുംബശ്രീ CDSന്റെ കനറാ ബാങ്കിലുള്ള 0832101010626 നമ്പർ അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ വിവിധ പ്രോജക്റ്റുകൾക്കായി ലഭിച്ച വികസന ഫണ്ട് തുകകളിൽ ചെലവഴിക്കാതെ 34149/- രൂപ നിഷ്ക്രിയമായി കിടക്കുന്നുണ്ട്. നാളിതുവരെയും സർക്കാരിലേക്ക് തിരിച്ചടക്കാതെ കുടുംബശ്രീ CDS അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(21/14.03.2023)ക്ക് തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ തുകയിൽ ആശ്രയഫണ്ട് ഉണ്ടെങ്കിൽ ആയത് അഗതിരഹിതകേരളം പദ്ധതിയിലേക്ക് മുതൽക്കൂട്ടാവുന്നതും അല്ലാത്തപക്ഷം ചെലവഴിക്കാനാവാത്ത തുക സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തിരികെ അടവാക്കേണ്ടതുമാണ്.

1-20 പ്രോജക്റ്റ് അംഗീകാരം വാങ്ങാതെ വാട്ടർ അതോറിറ്റിക്ക് മുൻകൂറായി തുക കൈമാറി

പ്രോജക്റ്റ് വെയ്ക്കാതെ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് |
| IFS Code/അക്കൗണ്ട് നം. | SBIN0071153/ 67147990082 |
| തുക | ₹ 356000 (തനത് ഫണ്ട്) ട്രഷറി ചെക്ക് നം.5152956/13.10.2021 |

267 പൊതു കുടിവെള്ള കണക്ഷനുകളിൽ 254 എണ്ണം പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് മേൽ പറഞ്ഞ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് അംഗീകാരം വാങ്ങാതെ തുക കൈമാറിയതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(20/14.3.2023)ക്ക് 2021-22ൽ വാർഷിക പദ്ധതിയായി ഏറ്റെടുക്കാൻ ആ സമയത്ത് തനത് ഫണ്ട് കുറവായിരുന്നു എന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ മുൻകൂർ നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരം തയ്യാറാക്കുന്ന പ്രോജക്റ്റുകൾക്ക് ഡി.പി.സി അംഗീകാരം വാങ്ങി മാത്രം ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 തെരുവ് വിളക്ക് പരിപാലനം- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. തരൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവ് വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി ആകെ എത്ര തെരുവ് വിളക്കുകൾ, ആയതിന്റെ തരം എന്നിവ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മീറ്ററിംഗ് സംവിധാനമില്ലാത്ത KSEB പാട്ടൂർ സെക്ഷനുകളുടെ കീഴിലുള്ള വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | തെരുവ് വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | ആകെ വൈദ്യുത ചാർജ് |
|---|---|---|---|---|
| 1 | Ordinary Bulb (40W) | 128 | 79 | 10112 |
| 3 | Sodium Vapour Lamp(250W) | 43 | 531 | 22833 |
| 4 | CFL (2*11W) | 168 | 38 | 6384 |
| 5 | LED (40W) | 2995 | 36 | 107820 |
| | ഫ്യുവൽ സർച്ചാർജ്ജ് | | - | 4564 |

| | | | | |
|---|---|---|---|---|
| | ആകെ | 3334 | | 151713 |

തൻവർഷം വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 1.56 ലക്ഷം രൂപ പ്രതിമാസം ഒടുക്കിയിട്ടുണ്ട്. 2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 1874189 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടില്ല. എന്നിരുന്നാലും കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസ് പ്രകാരം ഇത്തരം ബൾബുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നുണ്ട്. കൂടാതെ 2021-22 വർഷത്തിൽ LED Bulb 9W 600 എണ്ണവും, LED Bulb 15W 200 എണ്ണവും വാങ്ങി ഇലക്ട്രിക് പോസ്റ്റുകളിൽ 40W LED ബൾബുകൾക്ക് പകരം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കെ.എസ്.ഇ.ബിയുടെ ഡിമാന്റിൽ മാറ്റം വരുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവൃത്തനക്ഷമായവയും, അല്ലാത്തവയുടേയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (11/13.03.2023)ക്ക് മറുപടിയായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരങ്ങൾ പുതുക്കുന്നതാണെന്നും, മീറ്ററിംഗ് സംവിധാനം നടപ്പിലാക്കാൻ 2022-23 വർഷത്തിലെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവൃത്തനക്ഷമായവയും, അല്ലാത്തവയുടേയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതും എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സി.എഫ്.എൽ ബൾബുകൾ മാറ്റി ഇന്ധന ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുടെ കണക്കിൽ നാളിതുവരെ സി.എഫ്.എൽ ബൾബുകൾക്ക് പകരം എൽ.ഇ.ഡി ബൾബുകൾക്ക് നിരക്ക് നിശ്ചയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല. എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.
3. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
4. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.
6. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടി വവിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ- മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 19/22, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | 240000 (MG-NR) |
| ചെലവ് | 200000 (MG-NR) |
| ബിൽ നം./തീയതി | 09/30.06.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ നൽകുന്നതിന് വേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ആയത് പ്രകാരം താഴെ പറയുന്ന കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഓഫീസ് മേധാവി | തുക (₹) | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 40000 | 7140314 00000077 | 40000 | 0 |
| 2 | വെറ്ററിനറി സർജ്ജൻ | 50000 | 7140314 00000084 | 49794 | 206 |
| 3 | മെഡിക്കൽ ഓഫസീർ, ആയുർവേദം | 75000 | 7140314 00000118 | 62367 | 12633 |
| 4 | ഹെഡ് മിസ്ട്രസ് | 15000 | 7140314 00000040 | 15000 | 0 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20000 | 7990114 00002272 | 19731 | 269 |

മേൽ പറഞ്ഞ മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിൽ ബാക്കിയുള്ള തുക ചെലവഴിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. അതാത് വർഷം ആവശ്യമുള്ള തുക മാത്രം മുൻകൂർ നൽകുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ തുക ക്രമീകരിക്കുമ്പോൾ വൗച്ചറുകളുടെ പകർപ്പുകൾ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.7/13.3.23)

### 1-23 വെള്ളക്കരം- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കണം

ഗ്രാമപഞ്ചായത്ത് നേരിട്ടു നടത്തുന്ന 10 കുടിവെള്ള പദ്ധതികളിൽ 1212 കണക്ഷനുകൾ നിലവിലുണ്ട്. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 50 രൂപ നിരക്കിലും ഗാർഹികേതര കണക്ഷനുകൾക്ക് പ്രതിമാസം 150 രൂപ നിരക്കിലും വെള്ളക്കരം ഈടാക്കുന്നുണ്ട്. എന്നാൽ കുടിവെള്ള കണക്ഷനുകൾക്ക് ഗാർഹികം, ഗാർഹികേതരം എന്നിങ്ങനെ വേർതിരിച്ച് കണക്ക് സൂക്ഷിക്കുന്നില്ല.

2021-22 വർഷത്തെ വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| മുൻ വർഷങ്ങളിലെ | 1409200 | 127000 | 1282200 |

| | | | |
|---|---|---|---|
| കുടിശ്ശിക | | | |
| തൻവർഷം | 702400 | 254250 | 448150 |
| ആകെ | 2111600 | 381250 | 1730350 |

2021-22 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ 381250 രൂപ വരവുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി 2021-22 ൽ താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് | 1145514 |
| മെയിന്റനൻസ് ചാർജ് (420348+98392+21450) | 540190 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം (9300*6*12) | 669600 |
| ആകെ | 2355304 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം വെള്ളക്കരം ഗുണഭോക്താക്കളിൽ ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി 6 പമ്പ് ഓപ്പറേറ്റർമാരെ ദിവസ വേതനത്തിൽ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്.
പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ് എന്നീ ഇനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് 23.50 ലക്ഷം ചെലവു വരുന്നുണ്ട്.

ഈ വിഷയത്തിൽ താഴെ പറയുന്നവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/13.3.23) നൽകി.

1) പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അധിക ചെലവുള്ളതിനാൽ.
ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കുവാനും കുടിശ്ശിക കണക്കാക്കി ആയത് പരിച്ചെടുക്കുവാനും കുടിശ്ശിക അടവാക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളുടെയും വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2021-22വരെയുള്ള കുടിശ്ശിക തുക 1730350 രൂപ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം.

2)ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ 30.05.2009 ലെ 1275/09 സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറി നൽകിയിട്ടില്ലാത്തതായി കാണുന്നു. ഗുണഭോക്തൃ സമിതികൾക്ക് ഇതുവരെയും കൈമാറാതിരുന്നതിന്റെ സാഹചര്യം.

3)കുടിവെള്ള പദ്ധതികൾക്ക് പ്രതിമാസം നിശ്ചിത തുക നിശ്ചയിക്കുന്നതിനു പകരം മീറ്ററിംങ് ഏർപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വെള്ളക്കരത്തിന്റെ ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നതിനും, വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനും, മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിച്ച വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | Work Name (Work Code) | Bill No. | Date Of Payment | Bill Amount | വെണ്ടറുടെ പേര് |
|---|---|---|---|---|---|
| 1 | ഡൈനിംഗ് ഹാൾ തോണിപ്പാടം ജി എം എൽ പി സ്കൂൾ(1606001007/AV /264275) | 20 | 03/08/2021 | 105334 | മുഹമ്മദ് കുഞ്ഞ് |
| | | 21 | 03/08/2021 | 81517 | |
| | | 22 | 03/08/2021 | 39777 | |
| | | 23 | 03/08/2021 | 5414 | |
| | | 24 | 03/08/2021 | 6303 | |
| | | 25 | 03/08/2021 | 53458 | |
| | | 26 | 03/08/2021 | 11839 | |
| | | 27 | 03/08/2021 | 5000 | |
| 2 | കിഴക്കേകുളമ്പ് റോഡ് കോൺക്രീറ്റ്(1606001007/RC /312226) | 21 | 29/06/2021 | 5000 | മുഹമ്മദ് കുഞ്ഞ് |
| 3 | പൂവ്വത്തിങ്കൽ തഴയങ്കാട് റോഡ് കോൺക്രീറ്റ്(1606001007/RC /323897) | 84 | 11/05/2021 | 195959 | അബ്ദുൾ റഹ്മാൻ |
| | | 85 | 11/05/2021 | 179017 | |
| | | 86 | 11/05/2021 | 50982 | |
| 4 | കിഴക്കേകുളമ്പ് റോഡ് കോൺക്രീറ്റ്2nd റീച്ച്(1606001007/RC /323901) | 36 | 29/06/2021 | 122875 | എ.ആർ.പ്രദീപ് |
| | | 37 | 29/06/2021 | 120965 | |
| | | 38 | 29/06/2021 | 164160 | |
| | | 39 | 29/06/2021 | 13129 | |
| | | 40 | 29/06/2021 | 5000 | |
| 5 | ചാല്യംപുള്ളി കനാൽ ബണ്ട് റോഡ് കോൺക്രീറ്റ്(1606001007/RC /323902) | 22 | 11/05/2021 | 103745 | എ.ആർ.പ്രദീപ് |
| | | 23 | 11/05/2021 | 127193 | |
| | | 25 | 11/05/2021 | 172615 | |
| | | 26 | 11/05/2021 | 21185 | |
| 6 | പഴമ്പാലക്കോട് ആശുപത്രി എസ് എൻ തറ റോഡ് കോൺക്രീറ്റ്(1606001007/RC /323910) | 18 | 11/05/2021 | 109816 | എം.ചെന്താമര കണ്ണൻ |
| | | 19 | 11/05/2021 | 134337 | |
| | | 20 | 11/05/2021 | 175085 | |
| 7 | കാമാക്ഷി അമ്മൻകോവിൽപാവടി റോഡ് | 21 | 11/05/2021 | 108898 | എം.ചെന്താമര കണ്ണൻ |
| | | 22 | 11/05/2021 | 109736 | |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ്(1606001007/RC /323916) | 23 | 11/05/2021 | 149115 | |
| 8 | തോട്ടിൻപള്ള ഉറവൻചാൽ ലിങ്ക് റോഡ് കോൺക്രീറ്റ്(1606001007/RC /323919) | 16 | 07/04/2021 | 132078 | എം.ചെന്താമര കണ്ണൻ |
| | | 17 | 07/04/2021 | 112076 | |
| 9 | പ്ലാക്കൽ വട്ടക്കല്ലിങ്കൽ റോഡ് കോൺക്രീറ്റ് (1606001007/RC/323921) | 27 | 11/05/2021 | 114999 | എ.ആർ.പ്രദീപ് |
| | | 28 | 11/05/2021 | 102015 | |
| | | 29 | 11/05/2021 | 154850 | |
| | | 30 | 11/05/2021 | 19518 | |
| 10 | വാളക്കര പാടത്ത് റോഡ് കോൺക്രീറ്റ് (1606001007/RC/323922) | 10 | 29/06/2021 | 179200 | സുരേഷ്കുമാർ |
| | | 8 | 29/06/2021 | 112724 | |
| | | 9 | 29/06/2021 | 128347 | |
| 11 | തരൂർപള്ളി ഇടതുവശം റോഡ് കോൺക്രീറ്റ്(1606001007/RC /329668) | 89 | 29/06/2021 | 195397 | അബ്ദുൾ റഹ്മാൻ |
| | | 90 | 29/06/2021 | 151540 | |
| 12 | പൊട്ടൻചിറ അഴുവക്കോട് കുളം റോഡ് കോൺക്രീറ്റ്(1606001007/RC /329696) | 24 | 29/06/2021 | 92475 | കെ.സി.തങ്കപ്പൻ |
| | | 25 | 29/06/2021 | 148578 | |
| | | 26 | 29/06/2021 | 86355 | |
| 13 | മാങ്ങോട്ടുകാവ് തോട്ടുമ്പള്ള റോഡ് കോൺക്രീറ്റ്(1606001007/RC /329704) | 17 | 11/05/2021 | 134204 | രമേഷ്കുമാർ |
| | | 18 | 11/05/2021 | 120335 | |
| 14 | തോട്ടിങ്കൽ റോഡ് കോൺക്രീറ്റ് സൈഡ് കെട്ടൽ(1606001007/RC /329752) | 11 | 29/06/2021 | 115535 | സുരേഷ്കുമാർ |
| | | 12 | 29/06/2021 | 116373 | |
| | | 13 | 29/06/2021 | 172385 | |
| | | 14 | 29/06/2021 | 5000 | |
| | | | ആകെ | 3633658 | |

മേൽ പ്രവൃത്തികൾക്ക് ബില്ലിൽ നിന്നും GST സോഴ്സിൽ തന്നെ 2% കുറവ് ചെയ്യാത്ത തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, കൂടാതെ സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.03.2023) മറുപടിയായി കരാറുകാർ ജി.എസ്.ടി അടവാക്കിയതിന്റെ വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ബിൽ തുക അനുവദിക്കുമ്പോൾ തന്നെ GST സോഴ്സിൽ തന്നെ 2% ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ്

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് 2021-22 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. കുഴൽ കിണർ കുഴിച്ച് അതിൽ നിന്നും പൈപ്പ്‌ലൈൻ വഴി കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് പദ്ധതികൾ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | 103/22, കുരുത്തിക്കോട് കുടിവെള്ള പദ്ധതി | 394623 |
| 2 | 99/22, മരുതക്കോട് കുടിവെള്ള പദ്ധതി | 262185 |
| 3 | 97/22, നെല്ലിക്കാട് കുടിവെള്ള പദ്ധതി | 82752 |

| | | |
|---|---|---|
| 4 | 98/22, ചിറക്കോട് പാലം കുടിവെള്ള പദ്ധതി | 378352 |
| 5 | പ101/22, ള്ളയിൽമൊക്ക് കുടിവെള്ള പദ്ധതി | 77533 |
| 6 | 104/22, കമ്മാന്തറ കുടിവെള്ള പദ്ധതി | 121477 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ പറഞ്ഞ ക്രമ നം.1,2 എന്നീ പദ്ധതകൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

ക്രമ നം.3- മോട്ടോർ പമ്പിംഗ് ടെസ്റ്റ് നടത്തിയിട്ടില്ല.

ക്രമ നം.4- വൈദ്യുതീകരണം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.5- Yield Test നടത്തിയിട്ടില്ല.

ക്രമ നം.6- മതിയായ അളവിൽ ജല ലഭ്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

പൂർത്തിയായ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (8/13.3.23)നൽകിയതിൽ പൂർത്തിയായ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് നൽകുന്നതിനായി ഭരണസമിതിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

പൂർത്തിയായ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാനം നം.10/1, 22.2.23) നാളിതുവരെ കൈമാറിയിട്ടില്ല. പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ആയവയും ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികൾ-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 109/22, കുറപ്പത്ത്കാട് അമ്പലംറോഡ് സൈഡ് | 06.11.2019/ 14.11.2019 | 27.11.2019 | 06.01.2020 | 2675 |

| | | | | | |
|---|---|---|---|---|---|
| പ്രൊട്ടക്ഷൻ<br>അടങ്കൽ -300000 (MG-Non Road)<br>ചെലവ്- 90149 (ബിൽ നം.05/16.12.21)<br>APAC- 267529 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ. സച്ചിദാനന്ദൻ.എ.വി<br>എഗ്രിമെന്റ് നം. 65/AE/LSGD /TRR/2019-20, Dt.06.01.2020<br>ഭരണ സമിതി തീരുമാനം : 06.11.2019, തീരുമാനം നം.1(1) | | | | | |

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4/13.03.2023) ക്ക് മറുപടിയായി എഗ്രിമെന്റ് വൈകിയതിനുള്ള പിഴ ഈടാക്കി (രസീതി നം.1220107119/G091206, Dated.14.03.2023 -₹2675) അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി.

1) 110/22, ജി.എൽ.പി.എസ് ചാപ്ര സ്കൂൾ അറ്റകുറ്റപ്പണി(S.O. 196/21)

അടങ്കൽ - ₹850000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - ₹662521 {Bill No.06/19.01.2022-₹177236, 54/2020-21-₹485285}

PAC- ₹757668

കരാറുകാരൻ - ശ്രീ. സുകൃതൻ.എസ്

എഗ്രിമെന്റ് നം.: 02/AE/LSGD/TRR/2020-21/18-05-2020

അളവു പുസ്തകം നം.- 194/20

പൂർത്തീകരണ കാലാവധി - 17.02.2021 (9 മാസം)

പൂർത്തീകരിച്ച തിയതി- 17.12.2021

ഈടാക്കിയ പിഴ-15250

ഈടാക്കേണ്ടിയിരുന്നത്- ₹22730 (3% Of PAC)

ബാക്കി ഈടാക്കേണ്ട തുക - ₹7480

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരനിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/13.03.2023) നൽകിയതിൽ 7480 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി (1220107116/G091206, തീയതി-14.03.2023-₹7480) വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.03.2023 മുതൽ 15.03.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | OB | 25000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 25000 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | OB | 300000 | 142/22, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ - | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് മിഷൻ മൂന്നാം ഘട്ടം (സ്പിൽ ഓവർ) | | |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | OB | 32881 | ലൈഫ് ഭവനം | 0 | 32881 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | OB | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | OB | 100000 | 30/22, അംഗൺവാടി പോഷകാഹാരം | 100000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1400000 | 2/22, ഉഴവുകൂലി | 1400000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 125000 | 32/22, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| | ആകെ | 2082881 | | 1925000 | 157881 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | OB | 9107 | ലൈഫ് ഭവനം | 0 | 9107 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | OB | 1500000 | ലൈഫ് എസ്.സി.പി | 0 | 1500000 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | OB | 2000000 | 33/22, ലൈഫ് ജനറൽ | 480000 | 1520000 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 1736000 | 2/22, ഉഴവുകൂലി | 1736000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 210000 | 168/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 210000 | 0 |
| | ആകെ | 5455107 | | 2426000 | 3029107 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ ഒന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷങ്ങളിലെടുത്ത ലോണിൽ 15552000 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | മുതൽ | പലിശ | യുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | - | 20040000 | 17253333 | 1701333 | - | 15552000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 8530 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക (₹) | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-12 | 8530 | 121030100640/ 18.06.2021 | സുരേഷ്ബാബു, മെഡിക്കൽ ഓഫീസർ (വിരമിച്ചു) |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | Special Report | 2014-15 | 5.7.6 | മൃഗസംരക്ഷണവും ക്ഷീരവികസനവും | സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക |
|---|---|
| മുന്നിരിപ്പ് | ₹13652379.91 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹64634027 |
| ആകെ | ₹78286406.91 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹69733010 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹8553396.91 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80104 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 80104 | സുധ.എം ഹെഡ് മിസ്ട്രസ് GMLPS തോണിപ്പാടം |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധ.എം ഹെഡ് മിസ്ട്രസ് GMLPS തോണിപ്പാടം | കൃഷ്ണദർശനം ആലംപറമ്പി തേരാമംഗലം മേലാർകോട് 678703 | കൃഷ്ണദർശനം ആലംപറമ്പി തേരാമംഗലം മേലാർകോട് 678703 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ / എണ്ണം |
|---|---|---|---|
| 1 | 1996-97 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 14<br>(32 മുതൽ 45 വരെ) |
| 2 | 1997-98 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 5<br>(35, 40, 41, 42, 44) |
| 3 | 1998-99 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 4 | 2000-01 & 2001-02 (പദ്ധതി വിഹിതം) | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 11<br>{(ഭാഗം-1/ 2000-01-3,4,) (ഭാഗം-2-2001-02-2,3,4,5,6,7,8,9)} |

| | | | |
|---|---|---|---|
| 5 | 2000-01 (പദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 10<br>(1 മുതൽ 10 വരെ) |
| 6 | 2001-02 (പദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 7 | 2002-03 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 8 | 2003-04 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 1<br>(3-3) |
| 9 | 2004-05 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 10 | 2005-06 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 4<br>(3-1, 3-4, 3-5, 3-7 ) |
| 11 | 2006-07 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 12 | 2007-08 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | Audit Report Closed |
| 13 | 2008-09 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 1<br>(3-1) |
| 14 | 2009-10& 2010-11 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 3<br>(2-2, 3-1, 3-4) |
| 15 | 2011-12 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 3<br>(3-4, 3-5, 3-7) |
| 16 | 2012-13 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി : 29-11-2022 | 5<br>(2-8, 3-2, 3-3,3-11,3-13) |
| 17 | 2013-14& 2014-15 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി:29-11-2022 | 10<br>(2-3, 2-5, 3-8, 3-9, 3-13, 3-14, 3-15, 3-17, 3-18, 3-19) |
| 18 | 2015-16 | നം.കെ.എസ്.എ-പികെഡി.10/1786 /2022,തിയതി:29-11-2022 | 3<br>(2-1, 3-5, 3-8) |
| 19 | 2016-17 | നം.കെ.എസ്.എ-പികെഡി.10/406 /2022, തിയതി : 16-06-2022 | 1 (2-5) |
| 20 | 2017-18 | നം.കെ.എസ്.എ-പികെഡി.10/406 /2022, തിയതി : 16-06-2022 | മുഴുവൻ തീർപ്പാക്കി |
| 21 | 2018-19 | നം.കെ.എസ്.എ-പികെഡി.10/405 /2022, തിയതി : 16-06-2022 | 3 (1-19, 1-22, 1-24) |
| 22 | 2019-20 | നം.കെ.എസ്.എ-പികെഡി.10/2128 /2022, തിയതി : 18-11-2022 | 4 {1-11എ(1,8,9,10), 1-16, 1-17, 1-21} |
| 23 | 2020-21 | നം.കെ.എസ്.എ-പികെഡി.10/2027 /2022, തിയതി : 19-11-2022 | 7 {1-11ഡി, 1-13, 1-14, 1-15, 1-20(1,2), 1-23, 1-28} |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Tarur Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13646044.91 |
| Cash | Cash | RP-40(a) | 6335.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 675450.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5000.00 |
| 140000000 | Fees & User Charges | RP-4 | 529468.00 |
| 150000000 | Sale & Hire Charges | RP-5 | 167107.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47800672.00 |
| 171000000 | Interest Earned | RP-9 | 250406.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11314425.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 292626.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 459.00 |
| 180000000 | Other Income | RP-10 | 241857.00 |
| 340000000 | Deposits Received | RP-34 | 86212.00 |
| 350000000 | Other Liabilities | RP-36 | 282342.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2820667.00 |
| 460000000 | Loans, Advances and Deposits | RP-47 | 167336.00 |
| | Grand total | | 78286406.91 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4121472.00 |
| 220000000 | Administrative Expenses | RP-12 | 1102358.00 |
| 230000000 | Operations & Maintenance | RP-13 | 4314071.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10937387.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15907627.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2218325.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 566197.00 |
| 254000000 | Expenditures of | RP-19 | 232500.00 |

| | | | |
|---|---|---|---|
| | Transferred institutions and State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 7220410.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 51819.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 259979.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 517568.00 |
| 350000000 | Other Liabilities | RP-36 | 6791910.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2740.00 |
| 340000000 | Deposits Received | RP-34 | 85802.00 |
| 350000000 | Other Liabilities | RP-36 | 2918976.00 |
| 410000000 | Fixed Assets | RP-38 | 3402020.00 |
| 412000000 | Capital work in Progress | RP-40 | 780359.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5988750.00 |
| 440000000 | Pre-paid Expenses | RP-45 | 160000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2151740.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8477583.91 |
| Cash | Cash | RP-40(b) | 75813.00 |
| | Grand Total | | 78286406.91 |

| Tarur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3274624.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5000.00 |
| 140000000 | Fee & User Charges | I-4(b) | 1409351.00 |
| 150000000 | Sale & Hire Charges | I-5(b) | 167107.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 174241692.00 |
| 170000000 | Income from Investments | I-7 | 459.00 |
| 171000000 | Interest Earned | I-8 | 250406.00 |
| 180000000 | Other Income | I-9 | 262107.00 |
| | Total Income | | 179610746.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12432503.00 |
| 220000000 | Administrative Expenses | I-11(b) | 1102358.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 4314071.00 |
| 240000000 | Interest & Finance Charges | I-13 | 2740.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10937387.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 70863679.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2219873.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 578595.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66216600.00 |
| 255000000 | Maintenance Projects | I-14(e) | 7220410.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 51819.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000.00 |
| 272000000 | Depreciation | I-17(a) | 6027897.00 |
| | Total Expenditure | | 181968932.00 |
| | Gross Surplus / Deficit of income over Expenditure | | -2358186.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -4011150.00 |
| | Net difference (Prior period Income - Prior period Expenditure) | | 1652964.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| Tarur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23532747.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1700.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 53402092.00 |
| | Total Reserve & Surplus | | 76936539.97 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9927985.00 |
| | Total Grants, Contributions for Specific Purposes | | 9927985.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 15552000.00 |
| | Total Loans | | 15552000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 173506.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1003676.94 |
| | Total Current Liabilities and Provisions | | 1177182.94 |
| | TOTAL LIABILITIES | | 103593707.91 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 87640718.00 |
| 411000000 | Accumulated Depreciation | B-11 | -19111004.00 |
| 412000000 | Capital Work in Progress | B-11(a) | 1059514.00 |
| | Total Fixed Assets | | 69589228.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 153170.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7938028.00 |
| 440000000 | Pre-paid Expenses | B-16 | 15552000.00 |
| 450000000 | Cash and Bank Balance | B-17 | 8553396.91 |
| 460000000 | Loans, Advances and Deposits | B-18 | 1807885.00 |

| | |
|---|---|
| Total Current Assets, Loans and Advances | 34004479.91 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 103593707.91 |

DEPUTY DIRECTOR